LIBRARY ARCHIVES Kerala Legislative Assembly

എക്സൈസ് ഓഫീസുകളിലെ വിജിലൻസ് റെയ്ഡ്

127 [1106] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ എക്സൈസ് ഓഫീസുകളിൽ വിജിലൻസ് വിഭാഗം നടത്തിയ റെയ്ഡിൽ കണക്കിൽപ്പെടാത്ത ലക്ഷക്കണക്കിന് രൂപ കണ്ടെത്തിയതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഏതെല്ലാം എക്സൈസ് ഓഫീസുകളിലാണ് റെയ്ഡ് നടന്നത്;

(ഡി) ഇതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഇ) എത്ര ഉദ്യോഗസ്ഥന്മാർക്കെതിരെയാണ് നടപടി സ്വീകരിച്ചത്; വിശദ വിവരം നൽകുമോ?

ഉത്തരം

(എ ആന്റ് ബി) സംസ്ഥാനത്തെ വിവിധ എക്സൈസ് ഓഫീസുകളിൽ 2003 മാർച്ച് അവസാനം വിജിലൻസ് വിഭാഗം നടത്തിയ റെയ്ഡിൽ കണക്കിൽപ്പെടാത്ത 1,84,150 (ഒരു ലക്ഷത്തി എൺപത്തിനാലായിരത്തി നൂറ്റിഅമ്പത്) രൂപ കണ്ടെത്തിയിട്ടുണ്ട്.

(സി) അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ ഓഫീസ്, കൊല്ലം, കോട്ടയം, തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം.

(ഡി) നാല് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഇ) 15 (പതിനഞ്ച്) എക്സൈസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചു. മൂന്ന് അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർ, മൂന്ന് സർക്കിൾ ഇൻസ്പെക്ടർമാർ, ആറ് പ്രിവന്റീവ് ഓഫീസർമാർ, ഒരു എക്സൈസ് ഗാർഡ്, രണ്ട് ടൈപ്പിസ്റ്റുകൾ എന്നിവർക്കെതിരെ ശിക്ഷാ നടപടി സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാന സർക്കാരിന്റെ അധികാര പരിധിക്കുപുറത്ത് ട്രോളിംഗ്

128 [1107] ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
" എം. എ. ചന്ദ്രശേഖരൻ:
" പി. ടി. തോമസ്:
" വർക്കല കഹാർ:
" എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരയിൽ നിന്ന് കടലിലേക്ക് എത്ര ദൂരംവരെയാണ് സംസ്ഥാനത്തിന്റെ അധികാര പരിധി എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പരിധിയ്ക്കു പുറത്തുള്ള കടലിൽ സംസ്ഥാനത്തിന് അധികാരമുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) മൺസൂൺ കാലത്ത് ട്രോളിംഗ് നിരോധിക്കുമ്പോൾ സംസ്ഥാനത്തിനു പുറത്തു നിന്നോ സംസ്ഥാനത്തിനകത്തു നിന്നോ ഉള്ള മത്സ്യത്തൊഴിലാളികൾ ഈ മേഖലയിൽ മത്സ്യബന്ധനം നടത്തുന്നത് നിയമാനുസൃതമാണോ; എങ്കിൽ എപ്രകാരമാണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) കരയിൽ നിന്ന് 22 കിലോമീറ്റർ ദൂരം വരെയാണ് സംസ്ഥാനത്തിന്റെ അധികാരപരിധി.

(ബി) ഇല്ല.

(സി) തീരക്കടലിൽ സംസ്ഥാനം ട്രോളിംഗ് നിരോധനം നടപ്പാക്കുമ്പോൾത്തന്നെ പുറംകടലിൽ കേന്ദ്ര ഗവൺമെന്റും നിരോധനം ഏർപ്പെടുത്തുന്നുണ്ട്. അതുകൊണ്ട് പ്രസ്തുത മേഖലയിൽ മത്സ്യബന്ധനം നിയമാനുസൃതമല്ല.

പത്തനംതിട്ട ജില്ലയിലെ എക്സൈസ് ഗാർഡുമാരുടെ ഒഴിവുകൾ

129 [1108] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ എക്സൈസ് ഗാർഡുമാരുടെ എത്ര ഒഴിവുകൾ ഉണ്ട്;

(ബി) നിലവിലുള്ള എക്സൈസ് ഗാർഡുമാരുടെ ഒഴിവുകൾ അടിയന്തിരമായി നികത്തുന്നതിന് ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർക്ക് നിർദ്ദേശം നൽകുന്ന കാര്യം പരിഗണിക്കുമോ;

(സി) എക്സൈസ് ഗാർഡുമാരുടെ ജോലിഭാരം കണക്കിലെടുത്ത് ഒരു റേഞ്ചിൽ മുമ്പുണ്ടായിരുന്ന പാറ്റേൺ അനുസരിച്ച് എക്സൈസ് ഗാർഡുമാരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇപ്പോൾ ഒഴിവുകളൊന്നും നിലവിലില്ല.

(ബി) ബാധകമല്ല.

(സി) നിലവിലുള്ള പാറ്റേൺ പ്രകാരമേ നിയമനം നടത്തുവാൻ നിർവ്വാഹമുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly